## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4088 24.06.2019-ൽ മറുപടിക്ക്

## ദേശീയവനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ദേശീയവനാവകാശ നിയമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; | എ) | വനാവകാശ നിയമപ്രകാരം ആകെ ലഭിച്ച 43129 അപേക്ഷകളിൽ 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശം നൽകിയിട്ടുണ്ട്. 11147 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 5857 അപേക്ഷകൾ പെന്റിംഗിലാണ്. ആയവ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ബഹു. സുപ്രീം കോടതിയുടെ ഉത്തരവിനെ തുടർന്ന് അകാരണമായോ അപേക്ഷകർക്ക് രേഖാമൂലമുള്ള നോട്ടീസ് നൽകാതെയോ നിരസിച്ച അപേക്ഷകൾ ഉണ്ടെങ്കിൽ ആയവ സ്വയമേവ പരിശോധിക്കുന്നതിന് നിരസിക്കുന്ന അപേക്ഷകർക്ക് രേഖാമൂലമുള്ള നോട്ടീസ് നൽകുവാനും അവരിൽ നിന്നും അപ്പീൽ സ്വീകരിക്കുവാനുമുള്ള നടപടിയും നടന്നുവരികയാണ്. അകാരണമായി വനാവകാശ നിയമപ്രകാരമുള്ള ഒരപേക്ഷയും നിരസിക്കാതിരിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| ബി) | ഇല്ലെങ്കിൽ ടി നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം വിമുഖത കാണിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | ടി നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം വിമുഖത കാണിക്കുന്നില്ല. വനാവകാശനിയമം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത നിയമമനുസരിച്ച് വനത്തിനകത്ത് ആദിവാസികൾക്ക് സ്വയം നിർമ്മാണാവകാശമുണ്ടോ; | സി) | വനാവകാശ നിയമപ്രകാരമുള്ള വ്യക്തിഗതാവകാശം സിദ്ധിച്ച ഭൂമിയിൽ ആദിവാസികൾക്ക് നിർമ്മാണാവകാശമുണ്ട്. |
| ഡി) | ടി നിയമം പൂർണ്ണമായും നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആശങ്കകൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഡി) | വനാവകാശ നിയമപ്രകാരം അർഹരായ എല്ലാ പേർക്കും കൈവശാവകാശരേഖ നൽകണമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്. എന്നാൽ വനാവകാശ നിയമപ്രകാരം നൽകിയ അപേക്ഷ നിരസിച്ചതിനു ശേഷവും അപേക്ഷകർ വനഭൂമി കയ്യേറി താമസിക്കുന്നുണ്ടെങ്കിൽ അവരെ ഒഴിപ്പിക്കുന്നതിന് ബഹു. സുപ്രീം കോടതി ഉത്തരവാകുകയും കോടതി തന്നെ നിലവിൽ ടി ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ നിരസിച്ചതെന്ന് പരിശോധിക്കുവാനും ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**